**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **12-06-2024 - ൽ മറുപടിയ്ക്ക്**

**പൂച്ചെടിവിളയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം പൂച്ചെടിവിളയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഗേൾസ് ഹോസ്റ്റലിൽ അപേക്ഷകരുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഹോസ്റ്റലിൽ അഡ്മിഷൻ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പൂച്ചെടിവിള ഹോസ്റ്റലിൽ അനുവദനീയമായ എല്ലാ സീറ്റുകളിലും വിദ്യാർത്ഥിനികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട്. ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന നിലവിലുള്ള കെട്ടിടത്തിനു സ്ഥലപരിമിതിയുള്ളതിനാൽ ഇനിയും ഹോസ്റ്റലിൽ സീറ്റ് വർദ്ധിപ്പിക്കുന്നത് പ്രായോഗികമല്ല.<br><br>തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നതും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിലുള്ള 50 വിദ്യാർത്ഥിനികൾക്ക് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട NCC നഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ താമസസൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ